# ഗവ.എൽ പി സ്കൂൾ ശ്രീമൂലനഗരം

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025 - 26

## ക്ലാസ് I

# ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി 2025–26 അധ്യായന വർഷത്തിൽ ഒന്നാം ക്ലാസ്സിൽ പ്രവേശിപ്പിക്കപ്പെട്ട എല്ലാ കുട്ടികൾക്കും എല്ലാ വിഷയങ്ങൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിത പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്രഗുണമേന്മാ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ ഒന്നാം ക്ലാസിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിനു വേണ്ടിയാണ്.

കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ

ഈ അക്കാദമിക വർഷം ഒന്നാം ക്ലാസിൽ ( ....ഡിവിഷനിൽ).......കുട്ടികളാണ് പ്രവേശനം നേടിയത്. അതിൽ പ്രീപ്രൈമറി, അംഗണവാടി അനുഭവമുള്ളവർ. പേരാണ്. അതിഥിത്തൊഴിലാളികളായ രക്ഷിതാക്കളുടെ മക്കൾ ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവരായി ................ കുട്ടികളുണ്ട്. ഗോത്രവിഭാഗത്തിൽപ്പെട്ടവർ............
പ്രവേശനപ്രായത്തിൻറെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ ജൂൺ ഒന്നിന് അഞ്ച് വയസ്സായ
കുട്ടികളും ആറ് വയസ്സായ കുട്ടികളും ഒന്നാം ക്ലാസിലുണ്ട്.

## വാർഷിക ലക്ഷ്യങ്ങൾ ( മലയാളം)

1. ചെറുസദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തൻ്റെ അനുഭവങ്ങൾ, ആശയങ്ങൾ, തനിക്കറിയാവുന്ന കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക.
ഓരോ കുട്ടിയും ലഘുബാലസാഹിത്യ കൃതികൾ ഒഴുക്കോടെ വായിക്കാനുള്ള കഴിവ് നേടുക.

2. ഓരോ കുട്ടിയും വായിച്ച് മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റു രീതികളിലും പങ്കിടാനുമുള്ള കഴിവ് നേടുക.

3. ഓരോ കുട്ടിയും സദസ്സിനു മുമ്പാകെ നിശ്ചിത കാര്യങ്ങൾ ആശയവ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക

4. ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി, വിവരണം, സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക

5. ഓരോ കുട്ടിയും സർഗാത്മക രചന നടത്താനുള്ള കഴിവ് നേടുക

6. ഓരോ കുട്ടിയുടെയും സർഗാത്മക രചനകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുക

7. ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക

8.ഓരോ കുട്ടിയുടെയും പഠനത്തെളിവുകളടങ്ങിയ വളരുന്ന അഭിമാനരേഖ രൂപപ്പെടുത്തുക.

നിർവഹണകാലം - പ്രവർത്തനങ്ങൾ

**ജൂൺ**

- പൂർണ്ണപങ്കാളിത്തമുള്ള ക്ലാസ് പിടിഎ ഉറപ്പാക്കുക.
- എല്ലാ കുട്ടികൾക്കും സ്വതന്ത്രഭാഷണത്തിന് അവസരം
- വായനോത്സവം - കുട്ടിയും രക്ഷിതാവും
- വായിച്ചു കേട്ട കഥ ക്ലാസ്സിൽ ആശയചോർച്ച ഭാവാത്മകമായി അവതരിപ്പിക്കുന്ന കഥാ വേള
- ഓരോ ദിവസവും പരിചയപ്പെടുത്തുന്ന അക്ഷരങ്ങൾ ചിഹ്നങ്ങളും പുതിയ സന്ദർഭങ്ങൾ തിരിച്ചറിയാനും വായിക്കാനുമുള്ള വായന കാർഡുകളുടെ വായന ക്ലാസിലും വീട്ടിലും
- പാട്ട് അരങ്ങ് പരിചയപ്പെട്ട പാട്ടുകൾ ഒറ്റയ്ക്കും കൂട്ടായും താളമിട്ട് സദസ്സിനു മുമ്പാകെ അവതരിപ്പിക്കുന്നു.
- പ്രതിമാസ പോർട്ട് ഫോളിയോ

സമഗ്ര വിലയിരുത്തലും പഠന പുരോഗതിയും ക്ലാസ് പിടിഎ ശക്തമാക്കൽ
പാട്ടരങ്ങ്
വരയുത്സവം
പഠനോപകരണ നിർമ്മാണ്ണ ശില്പശാല
വായനോത്സവം

**ജൂലൈ - മാർച്ച്**

സംയുക്ത ഡയറി
റീഡേഴ്സ് തിയേറ്റർ
സാങ്കല്പിക ഡയറി

**ഒക്ടോബർ - മാർച്ച്**

രചനോത്സവം
കൂട്ടെഴുത്ത് പത്രം
നാട്ടുവിശേഷം കൂട്ടെഴുത്ത്
സചിത്ര കഥാരചന

അക്കാദമിക് മാസ്റ്റർ പ്ലാൻ – ഗണിതം.

..............................

## ആമുഖം

..................

രസകരമായ ഗണിത പ്രവർത്തനങ്ങളിലൂടെ ഗണിതാശയങ്ങൾ കുട്ടി നേടിയെടുക്കേണ്ടതുണ്ട്.നിത്യജീവിതവുമായി ബന്ധപ്പെട്ടതും ലളിതവും രസകരവുമായ പ്രവർത്തനങ്ങളിലൂടെയും ഗണിത പഠനം ആസ്വാദ്യകരമാക്കാവുന്നതാണ്.മൂർത്തമായ ആശയങ്ങൾ വൈവിധ്യങ്ങളായ പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് നൽകിക്കൊണ്ട്ഗണിതപഠനം ലളിതമാക്കാൻ ഉതകുന്ന പ്രവർത്തനങ്ങളാണ് അക്കാദമിക് മാസ്റ്റർ പ്ലാനിൽ അവതരിപ്പിക്കുന്നത്.

## ലക്ഷ്യങ്ങൾ

.......................

1. പ്രാഗ് ഗണിതാശയങ്ങൾ (അടുത്ത്, അകലെ, വലുത്, ചെറുത്, ഉയരം ഉള്ളത് ,ഉയരം കുറഞ്ഞത്, നീളമുള്ളത് ,നീളം കുറഞ്ഞത്, ഇടത്ത്, വലത്ത്, ...... ) തിരിച്ചറിയുന്നു.
2. ഗണിത പഠനത്തിന് സഹായകമായ വസ്തുക്കൾ ശേഖരിച്ച് ഗണിത കിറ്റ് തയ്യാറാക്കൽ
3. വസ്തുക്കളെ എണ്ണിയെടുക്കുന്നതിനും കൂട്ടങ്ങൾ ആക്കുന്നതിനും .
4. കൂട്ടങ്ങളെ പരസ്പരം പൊരുത്തപ്പെടുത്തി കൂടുതൽ , കുറവ് കണ്ടെത്തുന്നു.
5. ഒന്നു മുതൽ 19 വരെയുള്ള സംഖ്യകളെ എണ്ണുന്നതിനും എഴുതുന്നതിനും വായിക്കുന്നതിനും സാധിക്കുന്നു.
6. സംഖ്യകളെ വലിപ്പത്തിനനുസരിച്ച് ക്രമീകരിക്കുന്നു
7. ചുറ്റുപാട്ടും കാണുന്ന വിവിധ ആകൃതിയിലുള്ള വസ്തുക്കൾ നിരീക്ഷിക്കുകയും വരയ്ക്കുകയും ചെയ്യുക.

# പ്രവർത്തനങ്ങൾ

ജൂൺ

ആദ്യ രണ്ടാഴ്ച ഗണിത സന്നദ്ധത പ്രവർത്തനങ്ങൾ.

- ചിത്രങ്ങൾ, വസ്തുക്കൾ എന്നിവ ഉപയോഗപ്പെടുത്തി കൂടുതൽ, കുറവ് ,വലുത്, ചെറുത്,നീളം കൂടിയത്, കുറഞ്ഞത്, മുന്നിൽ ,പിന്നിൽഎന്നിവ തിരിച്ചറിയുന്നു.
- വർക്ക് ഷീറ്റ് പൂർത്തീകരണം – ചിത്രം. (താരതമ്യം ,എണ്ണി തിട്ടപ്പെടുത്താൻ )
- സംഖ്യാ ഗാനങ്ങൾ അവതരണം – ( ഒന്നു മുതൽ അഞ്ചുവരെ )
- പ്രവർത്തന പുസ്തകം
- കുഞ്ഞുപുസ്തകം – ആരംഭം.

ജൂലൈ

..................

- വിരൽ ചിത്രങ്ങൾ
- കുഞ്ഞു പുസ്തകം – തുടർച്ച
- മഞ്ചാടി സഞ്ചി നിറയ്ക്കൽ
- സംഖ്യാ കടങ്കഥാപയറ്റ്
- സംഘമായി സംഖ്യാ ഗാനങ്ങൾ പാടൽ
- സംഖ്യാ റിബൺ തയ്യാറാക്കൽ
- സംഖ്യാ ചിത്രങ്ങൾ വരക്കൽ
- സംഖ്യാ കാർഡ് നിർമ്മാണം
- വർക്ക്ഷീറ്റുകൾ – 0–9 വരെയുള്ള സംഖ്യാ ബോധം ഉറപ്പിക്കാനുതകുന്നത്.
- വർക്ക്പുസ്തകത്തിലെ പ്രവർത്തനങ്ങൾ
- മഞ്ചാടി സഞ്ചിയിലെ വസ്തുക്കൾ ഉപയോഗിച്ച് നിശ്ചിതകൂട്ടങ്ങൾ

ആഗസ്റ്റ്–സെപ്റ്റംബർ

..........................

- സംഖ്യകളെ ചെറുതിൽനിന്ന് വലുതിലേക്ക് ക്രമീകരിക്കൽ
- വലിയ സംഖ്യ ചെറിയ സംഖ്യ – താരതമ്യം
- 10 മുതൽ 19 വരെയുള്ള സംഖ്യകൾ പരിചയപ്പെടൽ
- 20–ൽ താഴെയുള്ള സംഖ്യകൾ എണ്ണാനും എഴുതാനും
- സംഖ്യാ കാർഡുകളുടെ നിർമ്മാണം
- കുഞ്ഞുപുസ്തകം –നിർമ്മാണം
- വർക്ക് പുസ്തകത്തിലെ പ്രവർത്തനങ്ങൾ
- വസ്തുക്കൾ എണ്ണിയെഴുതാൻ
- വസ്തുക്കൾ ഉപയോഗപ്പെടുത്തി ഒരക്ക സംഖ്യകളുടെ സങ്കലനം
- ചിത്ര സഹായത്തോടെ പകുതി ഇരട്ടി എന്നീ ആശയങ്ങൾ പരിചയപ്പെടൽ

ഒക്ടോബർ – നവംബർ

ഒരു കൂട്ടത്തിൽ നിന്നും നിശ്ചിത എണ്ണം എണ്ണി എടുക്കുക.
രണ്ടു കൂട്ടങ്ങളെ താരതമ്യം ചെയ്ത് വലുത് ചെറുത് കണ്ടെത്തൽ.

ഡിസംബർ – ജനുവരി

ഒന്നു മുതൽ 100 വരെയുള്ള സംഖ്യകൾ വായിക്കുകയും എഴുതുകയും ചെയ്യുക.
ഒരക്ക രണ്ടക്ക സംഖ്യകളുടെ തുക മനക്കണക്കായി പറയാൻ കഴിയുക.
ഒരു നിശ്ചിത എണ്ണത്തെ വ്യത്യസ്ത രീതിയിൽ വ്യത്യസ്ത കൂട്ടങ്ങളാക്കുക.

ഫെബ്രുവരി – മാർച്ച്

വിവിധ നാണയങ്ങൾ/ കറൻസി പരിചയപ്പെടൽ.
വിലയിരുത്തൽ പ്രവർത്തനങ്ങൾ.

**English**

**Aim**

Students should be able to understand and use English. To improve communication skills. They should also be able to read, write, and comprehend simple stories and sentences.

- The learners listen to narratives & teacher talks and show signs of understanding verbally & non-verbally.
- get familiarised with words denoting familiar animals, birds, and, household things ,vehicles etc
- get familiarised with words denoting colours, size, location, and numbers (1'-20)
- get familiarised with words denoting possession (has/have), ability, and qualities.
- identify the sound values of letters and letter clusters.
- comprehend the instructions of the teacher and respond accordingly.
- identify and describe familiar objects, animals and birds, household things, etc.
- get familiarised with action words
- get familiarised with phatic communication expressions such as, Hi, Hello, I'm sorry, Thank you, Bye, etc.
- get familiarised with the rhythm and pattern of songs.
- add their own lines to a given song by substituting words/ phrases.
- describe events and objects orally using verbs and words denoting physical attributes, location, etc.
- read and comprehend simple conversations, songs & story segments.
- write descriptions and dialogues related to specific contexts using structured or fragmentary expressions.
- develop a positive attitude toward socialisation and friendship.
- engage in and perform skits and choreography,

**Time**

**June**

- **Introduce symbol words.**
- **Provides picture cards.**
- **Making picture dictionary**

**July**

- **Identify familiar words.**
- **Say familiar words.**
- **Read familiar words.**
- **Write familiar words.**

**August**

- **Enjoy songs and sings them with Rhythm and action.**
- **Describes orally about pictures and objects using adjectives.**

**September**

- ★ Read and write simple words and Simple sentences
- ★ Provides picture cards and reading cards.

**October**

- ★ picture cards.
- ★ Make word chain, sentence chain.
- ★ Make riddles.
- ★ Describing words, rhyming words.

**November**

- ★ Prepare reading cards.
- ★ Provide more opportunities to read, right and speak English.

**December**

- ★ Read and understand simple instructions in the classroom.

**January.**

- ★ Enjoy songs and sings them with Rhythm and action.
- ★ Make picture albums.

**February**

- ★ provide the opportunity to express myself in the classroom.

**March**

- ★ Speaks English fluently.
- ★ Read and write  simple sentences
- ★ Picture reading and picture description.

# ഗവ. എൽ പി സ്കൂൾ

# ശ്രീമൂലനഗരം

# STD 2

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

## രണ്ടാം ക്ലാസിലെ കുട്ടികളുടെ പഠനനിലവാരം ഉയർത്തുക എന്ന ലക്ഷ്യം മുൻനിർത്തി തയാറാക്കുന്ന ഒന്നാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ.

**ക്ലാസ്സിലെ പ്രതീക്ഷിത മാറ്റം**

* രണ്ടാം ക്ലാസ്സിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘു ബാല സാഹിത്യ കൃതികൾ വായിക്കുന്നതിനും.

* അനുഭവങ്ങളും ആശയങ്ങളും ഉപയോഗിച്ച് സ്വന്തം ഭാഷയിൽ തെറ്റില്ലാതെ എഴുതുന്നതിനുള്ള കഴിവ് നേടുന്നു .

S

* സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വാതന്ത്ര സർഗാത്മക രചനകൾ ഏർപ്പെടുന്നതിനും കുട്ടികൾക്ക് അവസരം നൽകുന്നു.

* ഗണിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർദ്ധാരണം ചെയ്യുന്നു

*ഇംഗ്ലീഷ് വായിക്കാനും സ്വന്തമായി വാക്യങ്ങൾ നിർമ്മിക്കാനുമുള്ള കഴിവ് നേടുന്നു.

മലയാളം

പ്രവർത്തനത്തിന്റെ പേര് :വായിക്കാം വായിക്കാം

സമയം :ജൂൺ – മാർച്ച്

**ലക്ഷ്യം**

ആത്മ വിശ്വാസത്തോടെ സ്വാതന്ത്ര വായനക്ക് അവസരം

ആശയം ഗ്രഹിച്ച് പറയൽ

ഗ്രഹിച്ച ആശയം മറ്റു വ്യവഹാര രൂപത്തിലേക്ക് മാറ്റൽ

**പ്രവർത്തന ഘട്ടം**

അവധിക്കാല വായന പ്രവർത്തനം അവലോകനം

അമ്മയും കുഞ്ഞും വായന

വായിച്ച കഥ പറയൽ

വായന കാർഡ് നിർമ്മാണം

പത്ര വായന

**പാട്ടുപാടാം കൂട്ടു കൂടാം**

സമയം :ജൂൺ – മാർച്ച്

**ലക്ഷ്യം**

താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റു സമാന കവിതകളും ഈണം നൽകി അവതരിപ്പിക്കുന്നു.
പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു
ഭാഷാ പ്രവർത്തനങ്ങൾ സജീവമാക്കുന്നു

**പ്രവർത്തന ഘട്ടം**

കുട്ടിപ്പാട്ട് അവതരണം
കുട്ടിപ്പാട്ട് ശേഖരണം ഉപകരണ സാഹയായത്തോടെ പാട്ടവതരണം
രക്ഷിതാക്കളുടെ പാട്ട് പാഠഭാഗങ്ങളെ പാട്ടാക്കൽ പാട്ടെഴുത്ത്

x

## സംയുക്ത ഡയറി

സമയം ജൂൺ – മാർച്ച്

**ലക്ഷ്യം**

സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിവ് നേടുന്നു

സ്വന്തം അനുഭവങ്ങളെ ലിഖിത രൂപത്തിൽ ആക്കുന്നതിനുള്ള കഴിവ് നേടുന്നു

ഭാഷ ശേഷി വികസിപ്പിക്കുന്നു

സർഗ്ഗാത്മക രചനയിലേക്ക് നയിക്കുന്നു.

**പ്രവർത്തന ഘട്ടം**

മികച്ച ഡയറികൾ പരിചയപ്പെടൽ

CPTA യിൽ ഡയറി എഴുത്തു പരിചയപ്പെടുത്തൽ

എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പടുത്തുന്നു

ഇന്നത്തെ ഡയറി

കൗതുകമുള്ള ഡയറി പ്രദർശനം

ഡയറി പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കൽ

## ക്ലാസ്സ് ചിത്രം

സമയം : നംവംബർ- മാർച്ച്

**ലക്ഷ്യം**

ഭാഷ പ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവും ആയി അവതരിപ്പിക്കുന്നു.

രചന ശേഷി പരിപോഷിപ്പിക്കുന്നു .
കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയ പൂർണ്ണതയോടെ എഴുതാൻ കഴിവ് നേടുന്നു.

**പ്രവർത്തന ഘട്ടം**

SRG യിലെ അവതരണം പിന്തുണ നേടൽ .

ഉയർന്ന ക്ലാസ്സിലെ വാർത്തപത്രം പരിചയപ്പെടുത്തൽ .

ക്ലാസ്സിലെ സംഭവങ്ങൾ വാർത്ത ആക്കൽ .

അസംബ്ളിയിൽ അവതരണം

ഒരുമാസത്തിൽ ഒരു പത്രം

**രചനോത്സവം**

സമയം : നംവംബർ- മാർച്ച്

**ലക്ഷ്യം**

എല്ലാ കുട്ടികളെയും സ്വാതന്ത്ര രചനക്ക് പ്രാപ്തരാക്കുന്നു.

**പ്രവർത്തന ഘട്ടം**

SRG അവതരണം പിന്തുണ നേടൽ

CPTA യിൽ അവതരണം പിന്തുണ ഉറപ്പാക്കൽ

ചിത്രം നൽകി കഥ എഴുതൽ

രചനോത്സവം നടത്തൽ

മികച്ചവ പ്രസിദ്ധീകരിക്കൽ

# ഗണിതം

## ചിത്ര ഗണിതം

സമയം: ജൂൺ – മാർച്ച്

**ലക്ഷ്യം**

ചിത്രങ്ങളിലൂടെ ഗണിത ക്രിയകൾ രസകരവും എളുപ്പവുമാക്കുന്നു

ചിത്രങ്ങൾ ഉപയോഗിച്ച് പ്രായോഗിക പ്രശ്നങ്ങൾ എളുപ്പത്തിൽ വിശകലനം ചെയ്യാനുള്ള ശേഷി നേടുന്നു

**പ്രവർത്തന ഘട്ടം**

ചിത്രങ്ങൾ നോക്കി സങ്കലനം

ചിത്രങ്ങൾ നോക്കി വ്യവകലനം

ചിത്ര കാർഡ് നിർമ്മാണം

പ്രായോഗിക പ്രശ്നങ്ങൾ ചിത്രങ്ങളിലൂടെ നൽകൽ

ചിത്രം വരച്ചു ചോദ്യം നിർമ്മിക്കൽ

## ഗണിത കഥകൾ

സമയം: ജൂൺ – മാർച്ച്

**ലക്ഷ്യം**

കഥകളിലൂടെ ഗണിതം രസകരമാക്കുന്നു .

കഥകളിലെ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താനുള്ള ശേഷി നേടുന്നു

**<u>പ്രവർത്തന ഘട്ടം</u>**

കുട്ടികൾക്ക് ഗണിത കഥകൾ നൽകൽ ഗണിത കഥ പറയൽ

ഗണിത കഥകളിലൂടെ പ്രവർത്തനം പൂർത്തിയാക്കൽ

ഗണിത കഥകളിലെ കഥാപാത്രങ്ങൾ ചോദ്യം ചോദിക്കൽ ഉത്തരം കണ്ടെത്തൽ

**<u>ഗണിത ചെപ്പ്</u>**

സമയം :ജൂൺ – മാർച്ച്

**<u>ലക്ഷ്യം</u>**
ഗണിത കിറ്റിലൂടെ ഗണിതപഠനം രസകരമാക്കൽ

മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് ഗണിത പ്രശ്നം നിർദ്ധാരണം ചെയ്യൽ

**<u>പ്രവർത്തന ഘട്ടം</u>**

ഗണിത കിറ്റ് ഒരുക്കൽ

ഗണിത കിറ്റിലേക്ക് ആവശ്യമായ വസ്തുക്കൾ ശേഖരിക്കൽ

വളരുന്ന ഗണിത കിറ്റ്

**<u>ഗണിത മാഗസിൻ</u>**

സമയം : ജനുവരി - മാർച്ച്

**ലക്ഷ്യം**

കുസൃതി കണക്ക് വായിച്ചാസ്വദിക്കൽ

ഗണിത ചിത്രങ്ങൾ നിരീക്ഷിക്കൽ, വരയ്ക്കൽ.

കുസൃതി കണക്കുകൾ ശേഖരിക്കൽ

പരസ്പരം ചോദിക്കൽ

രൂപങ്ങൾ ഉപയോഗിച്ച് ചിത്രം വരയ്ക്കൽ

പുസ്തക രൂപത്തിൽ ഇറക്കൽ

**ഗണിത ശില്പശാല**

സമയം : ഒക്ടോബർ

**ലക്ഷ്യം**

ഗണിതോപകരണങ്ങൾ നിർമ്മിക്കൽ
പഠനം രസകരമാക്കൽ

**പ്രവർത്തന ഘട്ടം**

SRG അവതരണം പിന്തുണ നേടൽ

ആവശ്യമായ പഠനോപകരണങ്ങൾ തീരുമാനിക്കൽ

ആവശ്യമായ സാമഗ്രികൾ ലഭ്യമാക്കൽ

CPTA അവതരണം

നടത്തിപ്പ്

**കുട്ടി പീട്യ**

സമയം : ഫെബ്രുവരി

**ലക്ഷ്യം**

പ്രായോഗിക പ്രശ്നങ്ങളെ അനുഭവങ്ങളിലൂടെ നിർദ്ധാരണം ചെയ്യുന്നതതിനും മനസിലാക്കുന്നതിനും

**പ്രവർത്തന ഘട്ടം**

SRG പിന്തുണ നേടൽ

ആവശ്യമായ വസ്തു ശേഖരിക്കൽ

വില നൽകൽ കച്ചവടം നടത്തൽ

## ENGLISH

Name of the activity : **ONE DAY ONE WORD**

**Time : june -march**

**AIM**

Enrich vocabulary of stdents

Making simple sentences with the use of the words giving in above project

**ACTIVITY**

Giving a word in each day

Make sentence with use of this word

Use the words in other suitable situation

**MY MINI BOOK**

**Time : June -march**

**AIM**

Make and understood words with the help of picture

Drawing and colouring based on the suitable things

**ACTIVITY**

Each students make a mini book with the use of the piece of papers

Write and draw the picture related to the unit

Gave suitable colour for the picture

**GOOD MORNING LETS TALK**

**TIME : AUGUST- MARCH**

**AIM**

Enrich the talking ability of students

Make confidence of students for speaking English

**ACTIVITY**

Each students introduce themselves

Introduce their family members

Describe about their families

Describe their day to day life

**LETS READ AND WRITE**

**TIME : AUGUST- MARCH**

**AIM**

Enrich the writing ability and reading ability of students

**ACTIVITY**

Show picture

Ask about picture

Write simple sentences about picture

Read sentences under the picture

Make reading card about picture

**DICTIONARY MAKING**

**TIME : JANUARY- MARCH**

**AIM**

Arrange the word alphabetically

**ACTIVITY**

Arrange word in alphabetically

making dictionary in alphabetical order

# മലയാള മധുരം

മലയാള ഭാഷയിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം.

മലയാള അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിക്കുന്നതിനു വേണ്ട മോഡ്യൂളുകൾ തയ്യാറാക്കി ഓരോദിവസം അര മണിക്കൂർ വീതം പരിശീലനം നൽകുന്നു

*അക്ഷരകളികൾ

* പദനിർമ്മാണം

* എത്ര വാക്യങ്ങൾ

*ചിഹ്നങ്ങൾ ചേർക്കാം

* കഥാപൂരണം

* ഡയറി എഴുതൽ

# Academic Master Plan-2025-26

Class: 3

# ആമുഖം

ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ ഓർമ്മകൾ നിലനിർത്തിക്കൊണ്ട് പെരിയാറിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന പ്രകൃതി സുന്ദരമായ ശ്രീമൂലനഗരം എന്നറിയപ്പെടുന്ന കൊച്ചുഗ്രാമം. ഈ ഗ്രാമത്തിന് തിലകക്കുറിയായി സ്ഥിതിചെയ്യുന്ന നാടിനും നാട്ടുകാർക്കും അഭിമാനമായ ശ്രീമൂലനഗരം ഗവ: എൽ പി സ്കൂൾ. 128 വർഷം പഴക്കമുള്ള ഈ സരസ്വതി ക്ഷേത്രം പിന്നിട്ട ചരിത്രവഴികൾ ഏറെയാണ്.

ജില്ലയിലെ വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി ഉയരുമ്പോൾ അതിനൊപ്പം ചുവടുവയ്ക്കുകയാണ് ശ്രീമൂലനഗരം ജി. എൽ. പി. എസും. ഓരോ വർഷവും കുട്ടികൾ കൂടിക്കൊണ്ടിരിക്കുന്നതിനാൽ ക്ലാസ് മുറികളുടെ അപര്യാപ്തത ഉണ്ടായിരുന്നു. പുതിയ കെട്ടിടങ്ങളോടെ അത് കുറച്ചൊക്കെ പരിഹരിക്കപ്പെട്ടു. സ്മാർട്ട് ക്ലാസ് മുറി സജ്ജമായിക്കഴിഞ്ഞു. കമ്പ്യൂട്ടർ, ഇന്റർനെറ്റ് കണക്ഷൻ, വീഡിയോ പ്രൊജക്ടർ, ഇന്ററാക്ടീവ് വൈറ്റ് ബോർഡ് എന്നിവയുടെ സഹായത്തോടെ മികച്ച രീതിയിലുള്ള പഠനരീതി പ്രദാനം ചെയ്യാൻ കഴിയുന്നു, എന്നുള്ളത് വലിയ നേട്ടമാണ്. സമഗ്ര ശിക്ഷ കേരളം പ്രീ സ്കൂൾ വിദ്യാഭ്യാസം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തി കുഞ്ഞുങ്ങൾക്ക് ഏറ്റവും നല്ല വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് വേണ്ടി ഈ അധ്യയന വർഷം വർണ്ണ കൂടാരം പദ്ധതി നടപ്പിലാക്കി. പ്രീ സ്കൂളിന്റെ അകവും പുറവും കുട്ടികൾക്ക് സവിശേഷമായ അനുഭവങ്ങൾ ലഭിക്കാൻ പര്യാപ്തമാകും വിധം 30 തീമുകളുമായി ബന്ധപ്പെട്ട് 13 ഇടങ്ങളിൽ ഭൗതിക സൗകര്യങ്ങൾ ഒരുക്കി.

സ്കൂൾ ഇന്ന് കാണുന്ന മികച്ച നിലവാരത്തിലെത്തിയതിൽ അധ്യാപകരുടെയും ഓരോ രക്ഷിതാക്കളുടെയും പങ്കു വലുതാണ്. PTA, SMC, MPTA, ആദരണീയരായ ജനപ്രതിനിധികൾ, പൂർവവിദ്യാർത്ഥികൾ, നല്ലവരായ നാട്ടുകാർ എന്നിവരുടെ സഹായ സഹകരണവും കാര്യക്ഷമമായ പ്രവർത്തനവും എടുത്തു പറയേണ്ടതാണ്. വിദ്യാർത്ഥികൾക്ക് ചിന്തയ്ക്കും ഭാവനയ്ക്കും വിടർന്ന പ്രവർത്തനങ്ങൾക്കും ഉതകുന്ന രീതിയിലുള്ളതാണ് ഈ ആസൂത്രണ രേഖ.

## വിഷയം :- മലയാളം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന<br>മലയാളം തെറ്റു കൂടാതെയും അക്ഷര സ്ഫുടതയോടെയും അനായാസമായി വായിക്കാൻ. | പ്രീ ടെസ്റ്റ് | ജൂൺ | അദ്ധ്യാപകർ. | PTA |
| | ക്ലാസ് ലൈബ്രറി വിതരണം | അദ്ധ്യയനവർഷം മുഴുവൻ. | CPTA | CPTA |
| | അമ്മ വായന<br>അമ്മമാരുടെ വായനാ കുറിപ്പുകൾ CPTA കളിൽ അവതരിപ്പിക്കുന്നു. | അദ്ധ്യയനവർഷം മുഴുവൻ. | CPTA | – |
| | വായനാ കാർഡുകൾ തയ്യാറാക്കൽ. | ജൂൺ - ജൂലൈ | അദ്ധ്യാപകർ. | CPTA |
| ലേഖനം<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കുക. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക. | | | |
| | ജൂൺ 5 - പരിസ്ഥിതി ദിനം പോസ്റ്റർ. | ജൂൺ | അദ്ധ്യാപകർ | CPTA |
| | ജൂൺ 19 - വായനാദിനം വായനാവാരം. | ജൂൺ. | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാ വ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ആഗസ്റ്റ് 6 - ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ് 9 - നാഗസാക്കി ദിനം. പോസ്റ്റർ.<br>ആഗസ്റ്റ് 15 - സ്വാതന്ത്ര്യദിനം<br>സെപ്റ്റംബർ 5 - അധ്യാപക ദിനം.<br>ഇഷ്ടപ്പെട്ട അധ്യാപകരുമായി അഭിമുഖം.<br>ഒക്ടോബർ 2 - ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 - ദേശീയ തപാൽ ദിനം<br>കൂട്ടുകാരനൊരു കത്ത്.<br>നവംബർ 1 - കേരളപ്പിറവി ദിനം.<br>നവംബർ 14 - ശിശുദിനം. | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ | | |
| സർഗാത്മക രചനകൾ. കുട്ടികൾ തയ്യാറാക്കിയ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ വേദി - CPTA | അധ്യയന വർഷം മുഴുവൻ. | | | |

# Subject :- English

| Learning out comes | Month | Activities |
|---|---|---|
| • Describe the Pictures | June to August | • Picture description.<br>• Discussion. |
| • Arrange word in a alphabetical Order. | July to March | • Dictionary.<br>• Introducing the dictionary.<br>• Arrange words in a alphabetical order |
| • Add more exchanges to the Conversation Suitable to the Context | July to March | • Conversation<br>• Reading the Conversation.<br>• Add more exchanges to the Conversation |
| • Identify rhyming words from the Poem. | July to September | • Rhyming words<br>• Plays the audio of Song.<br>• Discussion<br>• Identifies rhyming word. |
| • Add lines to a Poem following a Set Pattern | July to December | • Add more lines<br>• Plays the audio Song<br>• Add lines to the Poem. |

| Learning outcome | Month | Activities |
| --- | --- | --- |
| • Reads and understands the given Stories and Poems. | December to March. | • Let's read.<br>• Provides the opportunity to read simple Stories and Poems.<br>• They tell the Story they read. |
| • Make Simple riddles. | August to March | • Gives Children the Opportunity to hear and answer simple riddles<br>• Make Simple riddles |
| • Undertakes Simple Project work given. | October to March. | • Project works<br>• Gives Instructions<br>• Data Collection |

Standard : III 2025-26

## • ഗണിതം : മാസ്റ്റർ പ്ലാൻ

### ആമുഖം:-

ഒന്ന്, രണ്ട് ക്ലാസിലെ അറിവുകൾ സ്വായത്തമാക്കി വ്യക്തമായ ധാരണയോടുകൂടി ശേഷികൾ കൈവരിച്ചവരാണ് മൂന്നാം ക്ലാസിലെ കുട്ടികൾ. അതിനാൽ അവരിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങൾ തന്നെയാണ് കൂടുതൽ സാധ്യത ഉൾക്കൊണ്ടിരിക്കുന്നത്. ഗണിത വിഷയത്തിന് പ്രാധാന്യം നൽകുന്ന കർമ്മ പദ്ധതി രൂപകല്പന ചെയ്യുന്നതാണ്. കുട്ടികളിൽ താല്പര്യവും ഗുണനിലവാരവുമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ ഈ ദൗത്യം കൊണ്ട് പൂർത്തിയാക്കേണ്ടത് ആവശ്യമാണ്.

### ലക്ഷ്യങ്ങൾ

- മുഴുവൻ കുട്ടികൾക്കും 1 മുതൽ 1000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പാക്കുക.
- ഗണിത പഠനം ഉല്ലാസപ്രദവും രസകരവും ആക്കി മുഴുവൻ കുട്ടികൾക്കും ഗണിത ശേഷി ഉറപ്പാക്കുക.
- സംഖ്യകൾ വ്യാഖ്യാനിക്കാനുള്ള ശേഷികൾ ഉറപ്പാക്കുക.
- മുഴുവൻ കുട്ടികളെയും മികച്ച പ്രശ്ന പരിഹരണ ശേഷി ഉള്ളവരാക്കി മാറ്റുക, പഠനപ്രക്രിയകൾ ഉറപ്പാക്കുക.

### പ്രവർത്തന പദ്ധതികൾ

### ജൂൺ -

ഗണിത വിജയം കളികൾ

- സംഖ്യകൾ എഴുതിയ നാണക്
- കൂടിയ സംഖ്യ വായിക്കുന്നു
- ആരോഹണാവരോഹണക്രമത്തിൽ പറയുന്നു.

## ജൂലായ്

- ഇഷ്ടമുള്ള മൂന്നക്ക സംഖ്യ എഴുതുന്നു
- അതിനടുത്തുള്ള സംഖ്യകൾ എഴുതുന്നു
- ഗ്രൂപ്പിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു.

## ആഗസ്റ്റ്

- സംഖ്യകളെ അബാക്കസിൽ രേഖീകരിക്കുന്നു
- അതിന് ഗ്രൂപ്പ് കാർഡ് ഉപയോഗിച്ച് കാർഡ് രേഖീകരിക്കുന്നു
- 100 വീതം കൂട്ടിയാൽ 1000 വരെ പറയുന്നു

## സെപ്തംബർ

- സംഖ്യാ ചക്രം കറക്കി 2 സംഖ്യകൾ
- തെരഞ്ഞെടുക്കുന്നു.
  അവയിലുള്ള സങ്കലനം, വ്യവകലനം
  എന്നിവ കണ്ടെത്തുന്നു

## ഒക്ടോബർ

- ഗണിത വിജയം കളികൾ
- വിവിധ കോഴികൾ അടങ്ങിയ നാണയങ്ങൾ
  കുട്ടികൾക്ക് നൽകൽ

## നവംബർ

വിവിധ കോഴികൾ അടങ്ങിയ പട്ടിക ചാർട്ടിൽ
പ്രദർശിപ്പിക്കുന്നു.
കുട്ടികൾക്ക് സംഖ്യാ നാണയങ്ങൾ തെരഞ്ഞെടുക്കാൻ
അവസരം നൽകുന്നു.
കൂടിയ സംഖ്യ ചാർട്ടിൽ നോക്കി
ഉത്തരം കണ്ടെത്തുന്നു.

ഡിസംബർ

- വർക്ക് ഷീറ്റ് പ്രവർത്തനങ്ങൾക്ക് സാധ്യത ഒരുക്കൽ
- ശാസ്ത്രീയ നിരീക്ഷണം നടത്തൽ

ജനുവരി

- ഭൂപട കണക്ക്
- പ്രയാസങ്ങൾ അധ്യാപികയുടെ സഹായത്തോടെ പരിഹരിക്കുന്നു.

ഫെബ്രുവരി

- പ്രായോഗിക പ്രശ്ന പരിഹാരം നടത്തൽ
- ഗ്രാഫ്, അളവ്, പാഠങ്ങൾ ഉപയോഗിച്ചുള്ള പ്രവർത്തനം

മാർച്ച്

- CPTA നടത്തുന്നു. പരിചയപ്പെടുത്തുന്നു,
- മികവുകൾ
- അവതരിപ്പിക്കുന്നു.

Standard III : 2025-26

പരിസര പഠനം :- ലെസ്സൺ പ്ലാൻ

## ആമുഖം

പരിസര പഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ ക്രമീകരണം. പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തേണ്ടതുണ്ട്.

## ലക്ഷ്യം

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക
- കുട്ടികളെ വൃത്തി ശുചിത്വം. പരിസര ശുചിത്വം ഉള്ളവരാക്കുക.
- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും, താൽപര്യവും വളർത്തുക.

## പ്രവർത്തന പദ്ധതികൾ

### ജൂൺ. ജൂലൈ

- പ്രവേശനം
- അവലോകനം
- പ്രകൃതി നടത്തം
- ചുറ്റുമുള്ള ജീവജാലങ്ങളെ നിരീക്ഷണം
- വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയുക
- സ്കൂൾ പച്ചക്കറി തോട്ട നിർമ്മാണം
- പരിപാലനം
- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ
- വൃക്ഷത്തൈ നടൽ

## ജൂലായ് - സെപ്തംബർ

- ദിന കൃത്യങ്ങൾ
- ക്ലാസ് തലത്തിൽ ശുചിത്വ ബോധം
- വ്യക്തി ശുചിത്വം, ക്ലാസിന്റേതും, പരിസര ശുചിത്വം
- നല്ലശീലം പോസ്റ്ററുകൾ തയ്യാറാക്കൽ
- പരിസരങ്ങളിൽ പതിക്കൽ

## ജനുവരി - മാർച്ച്

- ശാസ്ത്ര കൗതുകം വളർത്തുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു
- മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു
- പക്ഷി നിരീക്ഷണത്തിന് അവസരം
- പച്ചക്കറി തോട്ടത്തിൽ കിളികൾക്ക് ദാഹ ജലം സജ്ജീകരണം.

# ACADEMIC MASTER PLAN

## STD IV

വിഷയം: മലയാളം

# മധുരം മലയാളം

Class IV

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ❀ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ<br>സഹ അധ്യാപകർ | |
| ❀ വായിക്കാം വളരാം<br>• ക്ലാസ് വായന<br>• ക്ലാസ് ലൈബ്രറി ഒരുക്കൽ<br>• പുസ്തക പരിചയം<br>• വായനാകുറിപ്പ് | വായനാശേഷി വളർത്തൽ | അധ്യയന വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ❀ എഴുതാം തെളിയാം<br>• പുസ്തകപരിചയക്കുറിപ്പ്<br>• വായനാകുറിപ്പ്<br>• ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ | എഴുത്ത് പരിപോഷിപ്പിക്കൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ❀ കണ്ടറിയാം.... കേട്ടറിയാം... <br> പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ | |
| ❀ രുചിച്ചറിയാം <br> • ഭക്ഷ്യമേള <br> • പാചകക്കുറിപ്പ് - പതിപ്പ് നിർമ്മാണം <br> • ക്ലാസ്സിലൊരു സദ്യ | നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ. | വർഷത്തിലൊന്ന് | ക്ലാസ്സ് ടീച്ചർ | |
| ❀ ഓർക്കാം... അറിഞ്ഞിരിക്കാം <br> • സാഹിത്യകാരന്മാരെ പരിചയപ്പെടൽ <br> • ജന്മ-ചരമ ദിനാചരണങ്ങൾ <br> • പതിപ്പ് നിർമ്മാണം | ഓർമ്മദിനങ്ങൾ ആചരിക്കൽ | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ | |
| ❀ കലകളുടെ [സർഗ്ഗശേഷി-കളുടെ അവതരണം] | സർഗ്ഗശേഷി വികാസം | | Class Teacher | |

Subject : English

# BLOOMING THOUGTS

Class IV

| Activities | Aim | Period | Duty | |
|---|---|---|---|---|
| ⊛ English Assembly<br>Conducts English Assembly | Improving the ability to speak, read and write english effectively. | Once in a week (All year) | class Teacher | |
| ⊛ English Diary<br>Daily activities at school and at home as a diary writing | ability to write English without error | twice in a week. | ” | |
| ⊛ English Theatre<br>Presenting learning activities in the forms of Skit, conversation story telling etc. | To increase creative abilities | Once in a month | ” | |
| ⊛ Magazine<br>Preparing Magazine including children's writings. | Developing creative writing skills. | Termly | • | |

| | | | | |
|---|---|---|---|---|
| ⊛ English Corner<br>Preparing a reading Corner with books according to the children's level.<br>· Reading books<br>Preparing Reading Notes | To increase reading skill. | Once in a week | Class Teacher | |
| ⊛ English Fest<br>• Skit presentation<br>• Reading Notes<br>• Reading books. | Building confidence in handling the English languge. | Marh | " | |
| | | | | |

# ഗണിതം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ, നടപ്പാക്കൽ | ഗണിത പഠനം രസകരമാക്കൽ (പ്രവർത്തികൾ ലളിതമാക്കൽ) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| മൂല്യനിർണയം (ഏണിയും പാമ്പും, ഗണിത കളി, സങ്കലന വ്യവകലനം, ചുവടുകളി) | | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ - കരചലന ശേഷി വികാസം | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | PTA |
| [illegible] ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM, SRG ക്ലാസ് ടീച്ചർ | PTA |
| ഗണിത പഠനോപകരണ ശില്പശാല | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| ഗണിത മേള (പ്രോജക്ട്, പസിൽ, പാറ്റേൺ, പഠനോപകരണങ്ങളുടെ പ്രദർശനം. | ഗണിത ശേഷികളുടെ പ്രകടനം. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |

# പരിസരപഠനം

## പ്രകൃതി നടത്തം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം, അറിവ് നിർമാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM, CPTA | PTA |

## ശാസ്ത്രമേള

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA, SSA |

## ജൈവാരാമം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി സംരക്ഷണം | വിദ്യാലയത്തിലും വീട്ടിലും പൂന്തോട്ടമൊരുക്കൽ, പരിപാലനം. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ - പരിപാലനം. | വർഷം മുഴുവൻ | SRG, CPTA | PTA, കമ്മിറ്റികൾ |

| | | | | |
|---|---|---|---|---|
| **ദിനം ഓർക്കാം** | | | | |
| കേരളം, ഇന്ത്യ- ഇവിട വായന സൂചിക പരിചയപ്പെടൽ | ഇവിട വായന ഇവിട രചന സൂചിക നിർമാണം, ഉപയോഗം | വർഷത്തിൽ ഒന്ന് | SRG ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിൽ ഒരിക്കൽ | HM SRG ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര മാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമാണം | വർഷത്തിൽ ഒന്ന് | HM SRG ക്ലാസ് ടീച്ചർ | PTA |

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-2026

ക്ലാസ് 5

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ഭാഷയുടെ അടിസ്ഥാനശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്തു വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | * എന്റെ അവധിക്കാലം - പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ കഥ, കവിത, അനുഭവക്കുറിപ്പ് തുടങ്ങിയ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | * അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | * അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| * പഠിതാവിൽ അർത്ഥപൂർണമായ വായന ഉറപ്പുവരുത്തുക | * പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |
| | * നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | ഓരോ മാസത്തെയും പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളംക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * മലയാളം കമ്പ്യൂട്ടിങ് പരിജ്ഞാനം നേടിയെടുക്കലും സർഗാത്മകശേഷി വളർത്തലും. | * മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | | മലയാളം, ഐടി അധ്യാപകർ | മലയാളംക്ലബ്ബ്. |
| | * മുഴുവൻ കുട്ടികളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |
| * പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | * പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക് വർഷം | പിടിഎ, സ്കൂൾ | പി.ടി.എ. |

| Aim | Activities | Month | Responsible Person | Economic Source |
|---|---|---|---|---|
| To encourage <u>Listening & Speaking.</u><br><br>Introduce different genres (fiction, non- fiction, poetry)<br>Enhance vocabulary.<br>Enhance listening skills. | Interactive storytelling sessions discussing themes, characters and plots to enhance listening skills.<br>Group discussions and role-plays to improve speaking skills.<br>Vocabulary games and exercises to build word knowledge. | June | English Teachers | English Club |
| To encourage <u>Reading</u><br>Develop basic reading, writing, listening, and speaking skills.<br><br>Cultivate effective communication skills for various contexts. | Interactive Reading Circles:<br><br>Divide students into small groups and provide them with age-appropriate texts, such as short stories or excerpts from novels.<br><br>Each group reads the assigned text together and discusses key elements like plot, characters, and themes.<br><br>Encourage students to take turns reading aloud and share their interpretations and reactions to the text. | | | |
| | After discussions, each group presents a summary or analysis of their assigned text to the class.<br><br>Guided reading sessions with comprehension questions.<br>Listening comprehension exercises using audio stories. | July | | |

Sebastian. P.D
Teacher
CSLPS Sreemoolanagaram.

| | | | | |
|---|---|---|---|---|
| To develop Writing Skills<br>Introduce grammatical concepts such as parts of speech, tenses, and sentence structure.<br>To develop basic Grammar rules.<br>Focus on sentence structure, punctuation, and grammar.<br><br>Expand vocabulary through reading and interactive activities.<br><br>Introduce different types of writing: narrative, descriptive, persuasive, etc. | Debates and presentations for advanced speaking practice.<br><br>Expanding vocabulary with context clues from passage.<br><br>Improve sentence structure.<br><br>Practice for simple creative writing tasks like descriptive paragraphs, short stories, and simple poetry.<br><br>Projects and research assignments to foster critical thinking.<br><br>Focus on developing paragraphs and essays. Teach persuasive writing techniques and argumentation.<br><br>Preparing and delivering speeches. Listening to and analysing different media sources.<br><br>Interactive grammar games.<br>Structured grammar lessons with examples and practice exercises.<br>Worksheets on parts of speech, punctuation and sentence types. | August-December<br><br>January -<br>February | English Teachers | English Club |

| | | | | |
|---|---|---|---|---|
| Language Games, puzzles and Activities:<br><br>Differentiation and Support: | Integrate language games and activities to reinforce vocabulary, grammar, and language skills in an engaging way.<br><br>For example, play word association games, charades, or vocabulary bingo to practice new words and concepts.<br><br>To create their own poems, stories, dictionary etc and present it to the class.<br><br>Recognize and accommodate the diverse learning needs of students through differentiated instruction, including accommodations and modifications for specially abled students and gifted learners.<br><br>Provide additional support and resources such as small-group instruction, tutoring, peer mentoring, and remedial programs to help struggling students and challenge advanced learners.<br><br>Offer opportunities for enrichment and extension activities to extend learning beyond the core curriculum and cater to students' interests and strengths. | Throughout the year | English Teachers | English Club |

| | | | | |
|---|---|---|---|---|
| Assessment and Feedback: | Collaborate with learning support specialists, language teachers, and other support staff to ensure inclusive practices and provide targeted support for students with specific learning needs.<br><br>Design a range of assessment tasks and tools to measure students' language proficiency, comprehension, and writing skills, including formative and summative assessments.<br><br>Use a variety of assessment methods such as quizzes, tests, essays, presentations, projects, and performance tasks to assess different aspects of language learning.<br><br>Provide timely and constructive feedback to students that highlights their strengths, identifies areas for improvement, and suggests strategies for further development.<br><br>Involve students in self-assessment and reflection activities to promote ownership of their learning process.<br><br>Use assessment data to inform instructional planning, identify learning gaps, and differentiate instruction to meet individual student needs.<br><br>Provide resources and tips for parents on how to support their child's literacy | Throughout the year | English Teachers | English Club |

| | | | | |
|---|---|---|---|---|
| Parent Involvement | development at home, including book recommendations, reading strategies, and language enrichment activities.<br><br>Showcase students' and parents' writing through publications, newsletters, or school-wide writing anthologies to celebrate their achievements and foster a culture of writing.<br><br>Encourage parents with expertise in English language teaching, literacy, or language acquisition to share their knowledge and skills with students and teachers.<br><br>Collaborate with parents to create English language learning materials, such as flashcards, games, or resource packs, that can be used in the classroom or sent home for additional practice. | | English Teacher<br><br>English Teachers & PTA Members & parents | English Club |

Sebastian

Sebastian. P. D
Teacher
GLPS Sreemoolanagaram

# ENGLISH

UP - Social Science

| | | | | |
|---|---|---|---|---|
| കുട്ടികൾക്ക് പ്രദേശത്തെക്കുറിച്ച് വ്യക്തമായ ധാരണയില്ല | • പ്രാദേശിക ഭൂപടം തയ്യാറാക്കൽ<br>• ഓരോ ക്ലാസിലും ചുമരിൽ വാർഡ്, പഞ്ചായത്ത്, ജില്ല<br>• കേരളം, ഇന്ത്യ തുടങ്ങിയ ഭൂപടങ്ങൾ വരയ്ക്കുക. | 6 മാസം | ഒരു ക്ലാസിന് 3000 രൂപ | പൂർവ്വ വിദ്യാർത്ഥി സംഘടന, സ്കൂൾ ഫണ്ട്, രക്ഷിതാക്കൾ |
| കുട്ടികൾക്ക് പഴയ കാല ഉപകരണങ്ങളെക്കുറിച്ച് ധാരണ കുറവ് | • വീടുകളിൽ പഴയ കാലത്ത് ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ സാധനങ്ങൾ, ശേഖരിക്കൽ<br>• സ്കൂളിൽ മ്യൂസിയം തയ്യാറാക്കൽ | 5 വർഷം | | |
| പ്രാദേശിക വിഭവ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തൽ | • വിദഗ്ധരായ ആളുകളുടെ ക്ലാസ് | | 1000 | പൂർവ്വ വിദ്യാർത്ഥി സ്കൂൾ ഫണ്ട് രക്ഷിതാക്കൾ SSG |
| പ്രാദേശിക ചരിത്രത്തെ കുറിച്ച് ധാരണയില്ലായ്മ | • മുതിർന്ന പൗരന്മാരുമായി അഭിമുഖം.<br>• ചരിത്ര പ്രാധാന്യമുള്ള പ്രാദേശിക സ്ഥലങ്ങളിലേക്ക് പഠനയാത്ര<br>• (കാവ് സന്ദർശനം)<br>• പ്രാദേശിക ചരിത്രം | | | |

| | | | | |
|---|---|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട ചരിത്രസംഭവങ്ങൾ സ്മാരകങ്ങൾ സ്ഥലങ്ങൾ, ഇവയെ നേരിട്ട് അനുഭവിച്ച് അറിയാനുള്ള ബുദ്ധിമുട്ട് | • സ്കൂൾ സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട ലൈബ്രറി<br>• സോഷ്യൽ സയൻസ് ലാബ്<br>~~ഓരോ കുട്ടിക്കും~~<br>• ഇന്റർനെറ്റ് വഴി സെർച്ച് ചെയ്ത് കണ്ടെത്താൻ അവസരം<br>• ക്ലാസിൽ സാമൂഹ്യശാസ്ത്ര കോർണർ | 2 മുതൽ 5 വർഷം വരെ | | PTA, പൂർവ്വ വിദ്യാർത്ഥി - സ്കൂൾ ഫണ്ട് |
| ചരിത്ര പ്രധാന ദിനങ്ങളെ കുറിച്ചും ആഘോഷങ്ങളെ കുറിച്ചുമുള്ള ധാരണക്കുറവ് | • ദിനാചരണം സംഘടിപ്പിക്കുക<br>• അഭിമുഖം<br>• വിവിധ ആഘോഷങ്ങൾ ജനകീയമായി സംഘടിപ്പിക്കുക. | | | |
| കുട്ടികളുടെ അവകാശങ്ങളെ കുറിച്ചുള്ള അവബോധക്കുറവ് | • ക്ലാസ്, തെരുവ് നാടകം എന്നിവ സംഘടിപ്പിക്കുക | 2 മാസം | 1000 | |

| | | | | |
|---|---|---|---|---|
| പാഠഭാഗം ലളിതവും ആകർഷകവും ആക്കാൻ | • ഐടി അധിഷ്ഠിത TM വികസിപ്പിക്കൽ<br>• വർക്ക് ഷീറ്റ് വികസിപ്പിക്കൽ | | | |
| പഠന ധർമ്മം മനസിലാക്കുക | • വിദഗ്ധരായവരെ ക്ലാസ് സംഘടിപ്പിക്കുക.<br>• സമൂഹവുമായി ഇടപെടൽ<br>• field trip<br>• സ്കൂൾ പാർലമെന്റ് രൂപീകരിക്കുന്നു. | 1 വർഷം | | സ്കൂൾ ഫണ്ട് |
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യാൻ | • ബുള്ളറ്റിൻ ബോർഡ്<br>• ഡിബേറ്റ് ക്ലബ് | | | സാമൂഹ്യ ശാസ്ത്രക്ലബ് |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | ഗണിത ശില്പശാല- കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ്.... ഉപയോഗിക്കുന്നു) | ജൂൺ | ഗണിത അധ്യാപകർ | |
| * രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | ഒറിഗാമി ശില്പശാല - ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ .... | വർഷത്തിൽ ഒരുപ്രാവശ്യം | ഗണിത അധ്യാപകർ | |
| * ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിതലാബ് സജ്ജമാക്കൽ ലാബ് ഉപകരണങ്ങൾ പ്രയോജനപ്പെടുത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |

| | | | | |
|---|---|---|---|---|
| * ഗണിതം മധുരമാക്കൽ | ഗണിത പാർക്ക്- ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരുപ്രാവശ്യം | ഗണിതക്ലബ്ബ് | ഗണിതക്ലബ്ബ്, പിടിഎ |
| * ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർധിപ്പിക്കൽ | ഗണിതഗ്രാമം- ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകർ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ മൂന്നോ നാലോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പിടിഎ |
| * ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐടി സാധ്യതകളിലൂടെ- ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം തുടങ്ങിയവ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ രണ്ടുപ്രാവശ്യം | ഗണിത അധ്യാപകർ | |

| | | | | |
|---|---|---|---|---|
| * ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | ഗണിത ക്ലിനിക് - ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| * വിവിധ ശേഷികളുടെ വികസനം | ദിനാചരണം - ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG ൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

UP - Basic Science

| | | | | |
|---|---|---|---|---|
| | | | | |
| ക്ലാസുകളിൽ പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠനനേട്ടങ്ങൾക്കും കുട്ടികളെ അർഹരാക്കുക. | • 5 ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു.<br>• നിരന്തര മൂല്യനിർണ്ണയത്തിനാവശ്യമായ ടൂളുകൾ, യൂണിറ്റ് ടെസ്റ്റുകൾ എന്നിവ നടത്തുന്നു.<br>• ഉപകരണ നിർമ്മാണ ശില്പശാല നടത്തി ക്ലാസ് ലാബ് തയ്യാറാക്കുന്നു. | എല്ലാവർഷവും | | സയൻസ് ക്ലബ് |
| ശാസ്ത്രത്തിന്റെ പ്രക്രിയാശേഷികളിൽ മുഴുവൻ കുട്ടികളെയും നിശ്ചിത നിലവാരത്തിൽ എത്തിക്കുക | • സ്കൂൾ ലാബ് ശാക്തീകരണം വിഭവശേഖരണം<br>• എല്ലാ ക്ലാസിലും സയൻസ് ലാബ് / ശാസ്ത്ര കോർണർ<br>• ശാസ്ത്ര പരീക്ഷണങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പെഡഗോജി ചാർട്ട്<br>• എല്ലാവർക്കും ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യാൻ അവസരം നൽകുന്ന രീതിയിൽ ബോധനം<br>• കുട്ടിക്കൊരു ശാസ്ത്രകിറ്റ് | എല്ലാവർഷവും | | PTA, സയൻസ് ക്ലബ്, പൂർവ്വവിദ്യാർത്ഥി |

| | | | | |
|---|---|---|---|---|
| ശാസ്ത്ര സർഗാത്മകതക്കുള്ള അവസരങ്ങൾ കുറവ് | • സ്കൂൾ ശാസ്ത്ര ലൈബ്രറി<br>• വിദഗ്ധരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ക്ലാസുകൾ<br>• ശാസ്ത്ര നാടകങ്ങൾ, പരീക്ഷണ കളരികൾ | എല്ലാ വർഷവും | 1000 | PTA<br>സയൻസ് ക്ലബ് |
| ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിലെ കുറവ് പരിഹരിക്കുക | • ICT വിഭവങ്ങൾ തയ്യാറാക്കൽ<br>• ഡിജിറ്റൽ Live Classess<br>• മൊബൈൽ ആപ്ലിക്കേഷൻ നിർമ്മാണം | " | | " |
| കുട്ടികളിലെ ശാസ്ത്രീയ മനോഭാവം കുറയുന്നു. | • ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>• അങ്ങാടികളെ കേന്ദ്രീകരിച്ചുള്ള ശാസ്ത്ര സർവ്വേകൾ, വാനനിരീക്ഷണ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്നു. | " | | PTA<br>പൂർവ്വ വിദ്യാർത്ഥി സംഘടന |
| സ്കൂളിലെ ശാസ്ത്ര പഠനാന്തരീക്ഷം മെച്ചപ്പെടുത്തൽ | • പാഠഭാഗങ്ങളിലെ ആശയങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ചുമർ ചിത്രങ്ങൾ വരക്കുന്നു.<br>• വിദ്യാലയങ്ങളിൽ ഔഷധത്തോട്ടം നിർമ്മിക്കുന്നു. | | | " |

# ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ഒന്നാംക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ ഹിന്ദി ഒന്നാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക | * പുതിയ പാഠങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കുന്നു. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ | ജൂൺ - ഫെബ്രു വരി | ഹിന്ദി അധ്യാപിക | |
| * തെറ്റുകൂടാതെ ഹിന്ദി വായിക്കുക | * നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സിഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കൽ | ജൂൺ - ഫെബ്രു- വരി | ഹിന്ദി അധ്യാപിക | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| * ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തുക. | * ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കുക. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കുക. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസിൽ പരിചയപ്പെടുത്തൽ<br>* വായനയ്ക്ക് - ഹിന്ദി തെറ്റിച്ച് അധ്യാപിക വായിക്കുന്നു. കുട്ടികൾ ശ്രദ്ധയോടെ ശരിയാക്കി വായിക്കുന്നു.<br>* മത്സരവായന - തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കൽ. ആ കുട്ടിക്ക് സമ്മാനം നൽകൽ | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപിക | |